(എഫ്) 1970-ലെ കോൺട്രാക്ട് ലേബർ (റഗുലേഷൻ ആന്റ് അബോളിഷൻ) നിയമപ്രകാരം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ബീഡിത്തൊഴിലാളികളെ ഇ.എസ്.ഐ.യുടെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

73 (3474)ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീഡി വ്യവസായത്തിന് ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിൽനിന്നും എക്സംപ്ഷൻ നൽകിയിരുന്നത് ഏതു വർഷം വരെ ആയിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ബീഡിവ്യവസായ യൂണിറ്റുകളെ ഇ.എസ്.ഐ. സ്കീം പരിധിയിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(സി) ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കാത്തതുമൂലം ബീഡി സഹകരണ സംഘങ്ങൾക്ക് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിശ്ശികയുടെ പേരിലെ റിക്കവറി നടപടികൾ ബീഡിമേഖലയെ തകർത്തുകൊണ്ടിരിക്കുന്നതായി അറിവുണ്ടോ;

(ഇ) ഈ നടപടി തുടർന്നാൽ പതിനായിരക്കണക്കിന് തൊഴിലാളികൾ തൊഴിൽ രഹിതരാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എക്സംപ്ഷൻ സംബന്ധിച്ച ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ബീഡി വ്യവസായത്തിന് സ്ഥിരമായി എക്സംപ്ഷൻ നൽകുന്നതിന് ആക്ടിൽ വ്യവസ്ഥയില്ല. ഓരോ യൂണിറ്റിൽനിന്നും ലഭിക്കുന്ന അപേക്ഷ സർക്കാർ പരിശോധിച്ച് പ്രസ്തുത കാലയളവിലേയ്ക്ക് അർഹമെന്നു കണ്ടാൽ എക്സംപ്ഷൻ നൽകാറുണ്ട്. കണ്ണൂരിലെ സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിനും അതിന്റെ പ്രൈമറി യൂണിറ്റുകൾക്കും 29.5.2000 വരെയും നോർത്ത് മലബാർ ബീഡീസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 31.3.99 വരെയും എക്സംപ്ഷൻ നൽകിയിട്ടുണ്ട്. ഇങ്ങനെ വിവിധ യൂണിറ്റുകൾക്ക് വിവിധ കാലയളവിലായിട്ടാണ് എക്സംപ്ഷൻ നൽകിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) - (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇതു സംബന്ധമായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അർഹമായ യൂണിറ്റുകൾക്ക് എക്സംപ്ഷൻ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly